പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3728 — 20.06.2019 -ൽ മറുപടിക്ക്

## കേരളത്തിന് അർഹതപ്പെട്ട റേഷൻ നേടിയെടുക്കുന്നതിന് സ്വീകരിച്ച നടപടി

| ചോദ്യം<br>**ശ്രീ.കെ.വി.വിജയദാസ്** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വിവിധ ഇനങ്ങളിലായി കേരളം ആവശ്യപ്പെട്ട ഭക്ഷ്യധാന്യം നൽകുന്നതിന് കേന്ദ്ര സർക്കാർ തയ്യാറായിട്ടുണ്ടോ; ഇതിൽ എന്തെങ്കിലും വെട്ടിക്കുറവ് വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഭക്ഷ്യ ഭദ്രതാ നിയമം 2013 ൽ നടപ്പിൽ വരുത്തിയില്ലെന്ന കാരണത്താൽ 2016 ജൂൺ മാസം വരെ ലഭിച്ചുകൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങളുടെ അധിക വിഹിതം ഇനിമേൽ നല്കുകയില്ലെന്നും എ.പി.എൽ നിരക്കിൽ നല്കിക്കൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങൾ 2016 നവംബർ മുതൽ എം.എസ്.പി നിരക്കിലേ നല്കാൻ കഴിയുകയുള്ളൂ എന്നും കേന്ദ്ര സർക്കാരിൽ നിന്ന് അറിയിച്ചതിനാൽ, സംസ്ഥാനം പൂർണ്ണമായി സജ്ജമല്ലാതിരുന്നിട്ടും, 2016 നവംബർ മുതൽ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിൽ വരുത്തേണ്ട സാഹചര്യമുണ്ടാവുകയും ചെയ്തു. 2016 നവംബർ മുതൽ ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരമുള്ള ഭക്ഷ്യധാന്യമാണ് (പ്രതിവർഷം 14.25 ലക്ഷം മെട്രിക് ടൺ) സംസ്ഥാനത്തിന് ലഭിച്ചു കൊണ്ടിരിക്കുന്നത്. മുൻകാലങ്ങളിൽ അധിക വിഹിതമുൾപ്പെടെ ലഭിച്ചുകൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങളെ അപേക്ഷിച്ച് ഏകദേശം 1.7 ലക്ഷത്തോളം മെട്രിക് ടൺ കുറവുണ്ടായിട്ടുണ്ട്. ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം സംസ്ഥാനത്തിന് കണക്കാക്കിയിട്ടുള്ള ടൈഡ് ഓവർ വിഹിതത്തിന്റെ അളവ് വർദ്ധിപ്പിക്കണമെന്ന നാളുകളായുള്ള ആവശ്യത്തിന്മേൽ അനുഭാവ പൂർണ്ണമായ സമീപനം നാളിതുവരെ കേന്ദ്ര സർക്കാരിൽ നിന്ന് ഉണ്ടായിട്ടില്ല. |
| (ബി) കേരളത്തിന് അർഹതപ്പെട്ട റേഷൻ നേടിയെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളത് ; | (ബി) സർക്കാർ തലത്തിലും ഗവർണർമാരുടെ സമ്മേളനത്തിലും എം.പി മാരുടെ കോൺഫറൻസിലും സർവ്വകക്ഷി തലത്തിൽ ബഹു.പ്രധാനമന്ത്രിയെ നേരിട്ടു കണ്ടും റേഷൻ ഭക്ഷ്യധാന്യങ്ങളുടെ സംസ്ഥാന വിഹിതം വർദ്ധിപ്പിക്കണമെന്ന ആവശ്യം ഉന്നയിച്ചിരുന്നു. |
| (സി) നിലവിൽ കേന്ദ്ര സർക്കാരിൽ നിന്നും എത്രമാത്രം ഭക്ഷ്യവസ്തുക്കളാണ് കേരളത്തിന് ലഭിച്ചുവരുന്നത്; വിശദ വിവരം നൽകുമോ ? | (സി) അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

(അളവ് മെട്രിക് ടണ്ണിൽ )

| വിഭാഗം/ ഇനം | പ്രതിമാസം | | | പ്രതിവർഷം | | |
|---|---|---|---|---|---|---|
| | അരി | ഗോതമ്പ് | ആകെ | അരി | ഗോതമ്പ് | ആകെ |
| എ.എ.വൈ | 17757.490 | 3095.475 | 20852.965 | 213089.880 | 37145.700 | 250235.580 |
| മുൻഗണനാ വിഭാഗം (Priority) | 52073.178 | 12533.742 | 64606.920 | 624878.136 | 150404.904 | 775283.040 |
| എ.എ.വൈ + പ്രയോറിറ്റി | 69830.668 | 15629.217 | 85459.885 | 837968.016 | 187550.604 | 1025518.620 |
| ടൈഡ് ഓവർ | 26835.124 | 6459.074 | 33294.198 | 322021.488 | 77508.888 | 399530.376 |
| **ആകെ** | **96665.792** | **22088.291** | **118754.083** | **1159989.504** | **265059.492** | **1425048.996** |

കൂടാതെ 595.8 ടൺ പഞ്ചസാര എ.എ.വൈ വിഭാഗത്തിന് പ്രതിമാസം ലഭ്യമാകുന്നുണ്ട്.

സെക്ഷൻ ഓഫീസർ